# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *184 - 06/12/2018 -ലെ മറുപടിക്ക്

### ഉത്പാദനമേഖലയിലെ ശാക്തീകരണം.

**ചോദ്യം**

പ്രൊഫ.കെ.യു.അരുണൻ

ശ്രീ. എ. എം.ആരിഫ്

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. സി.കെ. ഹരീന്ദ്രൻ

**ഉത്തരം**

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന കമ്പോളാധിപത്യ നയങ്ങളുടെ ഫലമായും പ്രകൃതിക്ഷോഭം കൊണ്ടും പ്രതിസന്ധിയിലായ കർഷകരെയും ചെറുകിട വ്യാപാരികളെയും വ്യവസായികളെയും സർഫെയ്സി (സെക്യൂരിറ്റൈസേഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ്) നിയമത്തിന്റെ ബലത്തിൽ ധനകാര്യ സ്ഥാപനങ്ങൾ വഴിയാധാര മാക്കാൻ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | സർഫെയ്സി നിയമം നടപ്പിലാക്കുന്നതു മൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ 2018 ആഗസ്റ്റ് മാസത്തിൽ പ്രകൃതി ക്ഷോഭ ദുരന്തത്തിനിരയായ ചെറുകിട ബിസിനസ്സുകാർക്ക് അവരുടെ ഉപജീവനമാർഗ്ഗം വീണ്ടെടുക്കുന്ന തിനായി റിസർജന്റ് കേരള ലോൺ സ്കീം (RKLS) -ന്റെ കീഴിൽ 10 ലക്ഷം രൂപ വരെയുള്ള വായ്പ നൽകിക്കൊണ്ട് ചെറുകിട വാണിജ്യമേഖലാ വായ്പാ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായിട്ടുണ്ട്. കൂടാതെ ദുരന്തത്തിനിരയായ ചെറുകിട കച്ചവടക്കാരുടെ വായ്പകൾക്ക് മൊറട്ടോറിയവും പുനഃക്രമീകരണത്തിലൂടെ അധിക തിരിച്ചടവ് കാലയളവും അധിക വായ്പയും ലഭ്യമാക്കുന്ന ഒരു പദ്ധതി സംസ്ഥാനതല ബാങ്കിംഗ് സമിതിയുടെ സഹകരണത്തോടുകൂടി ബാങ്കുകൾ വഴി നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്. |
| ബി | അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടുമുള്ളവരുടെ കടം സർഫെയ്സി നിയമപരിധിയിൽ നിന്ന് ഒഴിവാക്കണമെന്ന ആവശ്യത്തോട് കേന്ദ്രം അനുകൂലമായി പ്രതികരിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ; | 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് 2002 ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററെസ്റ്റ് ആക്ടിന്റെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി, പ്രസ്തുത ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് 2017 ആഗസ്റ്റ് 21 ന് കേരള നിയമസഭ പാസ്സാക്കിയ പ്രമേയം പ്രകാരം കേന്ദ്ര സർക്കാരിനോട് സർക്കാർ |

| | | |
|---|---|---|
| | | അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് അനുകൂല നിലപാട് ഇതുവരെ ലഭിച്ചിട്ടില്ല. |
| സി | കേന്ദ്രസർക്കാർ കർഷകരുടെ വായ്പ എഴുതിത്തള്ളുകയോ ഉല്പന്നങ്ങൾക്ക് ന്യായമായ അടിസ്ഥാന വില ഉറപ്പാക്കുകയോ ചെയ്യാത്തതിനാൽ കർഷകരും മറ്റ് ചെറുകിടക്കാരും നേരിടുന്ന പ്രതിസന്ധി കണക്കിലെടുത്ത് സംസ്ഥാനത്തെ ഉല്പാദനമേഖലയെയും ചെറുകിട വാണിജ്യ വ്യവസായ മേഖലയെയും ശാക്തീകരിക്കുന്നതിന് 13-ാം പഞ്ചവത്സര പദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുള്ള വികസനതന്ത്രം വിശദമാക്കാമോ; | ഉല്പാദനമേഖലയുടെയും ചെറുകിട വാണിജ്യ വ്യവസായമേഖലയുടെയും ശാക്തീകരണത്തിന് പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ അനേകം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ഡി | വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ? | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിൽ 2018 നവംബർ 19-ാം തീയതി വരെ സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് ബാങ്കുകൾ ശുപാർശ ചെയ്തതുമായ 15303 അപേക്ഷകളിലെ സർക്കാർ വിഹിതമായ 148.25 കോടി രൂപ ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്. മറ്റ് അപേക്ഷകളിൽ നടപടി പുരോഗമിക്കുക യാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

- ഉല്പാദന മേഖലയുടെ ശാക്തീകരണത്തിനായി പതിമൂന്നാം പഞ്ചവത്സര പദ്ധതി നിരവധി പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിരിക്കുന്നു. കർഷക കുടുംബങ്ങളുടെ വരുമാന വർദ്ധനവാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ഊന്നൽ. പരമാവധി ഉത്പാദനക്ഷമത, ലാഭം, പാരിസ്ഥിതിക സംതുലിതാവസ്ഥ എന്നിവ ഉറപ്പാക്കിക്കൊണ്ടുള്ള സുസ്ഥിര കാർഷിക വികസനത്തിനാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്നത്.

- ഉല്പാദന മേഖല ശക്തിപ്പെടുത്തുന്നതിന് വിവിധ വിളകളുടെ അടിസ്ഥാനത്തിൽ സബ്സിഡി, വായ്പ, ഇൻഷുറൻസ് എന്നിവ മുഖേന കർഷകർക്കുള്ള ധനസഹായം തുടർന്നും നൽകി വരുന്നു. നിലവിലുള്ള വിള ഇൻഷുറൻസ് നേരിയ വരിസംഖ്യാ വർദ്ധനവിലൂടെയും നവീകരിക്കുന്നതിനായി പതിമൂന്നാം പഞ്ചവത്സര പദ്ധതി ശുപാർശ ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിക്കായി 1400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- ഉല്പാദന മേഖലയുടെ ശാക്തീകരണത്തിന് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നെല്ല്, തെങ്ങ്, പച്ചക്കറി, പയർ/കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്. സുസ്ഥിര നെൽകൃഷി വികസനത്തിന് ആർ.കെ.വി.വൈ പദ്ധതിയിൻ കീഴിൽ കേന്ദ്രസഹായമായി ലഭിച്ചിരുന്ന തുക നിർത്തലാക്കിയതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ ഹെക്ടർ ഒന്നിന് തൻവർഷം 5500 രൂപ ക്രമത്തിൽ കർഷകർക്ക് ധനസഹായം നൽകി വരുന്നു.

- കാർഷിക വിഭവങ്ങളിൽ നിന്നുള്ള മൂല്യ വർധിത ഉത്പന്നങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന കർഷകർക്ക് ആനുപാതികമായ വരുമാന വർദ്ധനവ് ഉറപ്പ് വരുത്താനും പദ്ധതി വിഭാവനം ചെയ്യുന്നു

- വിവിധ വിളകൾക്കായി പ്രത്യേക കാർഷിക വികസന മേഖല എന്ന പുതിയ ആശയം 2017-18 ൽ ആരംഭിച്ചിട്ടുണ്ട്. ഓരോ പ്രത്യേക കാർഷിക മേഖലയിലും ഉള്ള കർഷകർക്ക് പലിശരഹിത വായ്പ ഈ പദ്ധതി മുഖേന അനുവദിച്ചു വരുന്നു. നെല്ല്, പച്ചക്കറി, നാളികേരം, വാഴ, പൂക്കൾ എന്നിവയ്ക്കായാണ് പ്രത്യേക കാർഷിക മേഖല ആരംഭിച്ചിട്ടുള്ളത്.

- നാല് വർഷത്തിനുള്ളിൽ ഒരു ലക്ഷം സൂക്ഷ്മ, ചെറുകിട ഇടത്തര സംരംഭക യൂണിറ്റുകൾ ആരംഭിച്ച് ഏകദേശം 6 ലക്ഷം പേർക്ക് തൊഴിൽ ഉറപ്പുവരുത്താൻ ലക്ഷ്യമിടുന്നു .